പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 1012 — 11.07.2011 -ൽ മറുപടിയ്ക്ക്

## ഖാദി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( ബഹു. സഹകരണ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ ഖാദിത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും, 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും, 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും, നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും, 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു.<br><br>ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ അനുവദിച്ചു.<br><br>സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകുകയും പിന്നീട് ഈ തുക വർദ്ധിപ്പിച്ച് 300 രൂപയാക്കുകയും ചെയ്തു. 2010-ൽ അത് വീണ്ടും വർദ്ധിപ്പിച്ച് 500 രൂപയാക്കി.<br><br>ഖാദി മേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | ഖാദിമേഖലയിൽ മിനിമം വേതനം ഏർപ്പെടുത്തുന്നതിന് ഇൻകം സപ്പോർട്ട് സ്കീമിൽപ്പെടുത്തി 2010-11 വർഷം 10 കോടി രൂപ അനുവദിച്ചു. തുക വിതരണം ചെയ്ത് വരുന്നു. |
| (ബി) | പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കൊടുത്തു തുടങ്ങിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇല്ലെങ്കിൽ അടിയന്തിരമായി അവ കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ